# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3625 20/6/2019-ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിലെ സി.ടി. സിമുലേറ്റർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഒ.രാജഗോപാൽ** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ 3.50 കോടി രൂപയ്ക്ക് വാങ്ങിയ സി.ടി.സിമുലേറ്റർ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | 2017 ഏപ്രിൽ 17 ന് സി.റ്റി. സിമുലേറ്റർ ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് വിതരണം ചെയ്തെങ്കിലും 2017 ജൂലൈയിലാണ് ഇൻസ്റ്റാൾ ചെയ്തത്. പിന്നക്കിൾ വെർച്ചൽ സിമുലേഷൻ, 2018 ജനുവരിയിൽ ഇൻസ്റ്റാൾ ചെയ്യുകയും മൂവിങ്ങ് ലേസേഴ്സ് 2018 മാർച്ചിൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. റേഡിയോ തെറാപ്പി വിഭാഗത്തിലെ ഈ ഉപകരണം കമ്മീഷൻ ചെയ്തതായി കണക്കാക്കണമെങ്കിൽ എ.ഇ.ആർ.ബിയിൽ നിന്നുള്ള ട്രീറ്റ്മെന്റ് ലൈസൻസ് ആവശ്യമാണ്. 30.6.2017-ൽ റേഡിയോ തെറാപ്പി വിഭാഗം മേധാവി മെഷീൻ ചികിത്സയ്ക്ക് യോഗ്യമാണെന്ന് റിപ്പോർട്ട് ചെയ്തു. എന്നാൽ ഡിസംബർ 2018 മുതൽ ലേസർ പ്രവർത്തനരഹിതമായി. മെഷീൻ നന്നാക്കാനായി 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി കാലയളവിൽ ശ്രമിക്കുകയും മെഷീന്റെ ഭാഗങ്ങൾ മാറ്റി വയ്ക്കുകയും ചെയ്തെങ്കിലും പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കമ്പനിയോട് പുതിയ സെറ്റ് മൂവിങ്ങ് ലേസർ മാറ്റി വയ്ക്കാൻ നിർദ്ദേശിച്ചു. ലേസർ മാറ്റി വയ്ക്കുമ്പോൾ എ.ഇ.ആർ.ബി യുടെ അപ്രൂവൽ ലഭിച്ചതിനു ശേഷം മാത്രമേ വാറണ്ടി |
| (ബി) | 2017 ജൂൺ മാസമാണോ ഈ ഉപകരണം വാങ്ങിയത്; ഈ ഉപകരണം എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല; | | |

| | | | |
|---|---|---|---|
| | | | തുടങ്ങുകയുള്ളൂ. അതിനാൽ കമ്പനി അവകാശപ്പെട്ട പ്രകാരം 30/6/2017 മുതൽ 03/7/2019 വരെയുള്ള കാലയളവ് വാറണ്ടി പീരിയഡായി കണക്കാക്കാൻ സാധിക്കുകയില്ല എന്നുള്ള വിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് കമ്പനി അധികൃതരുടേയും കോളേജിലെ അധികൃതരുടേയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് കൂടുകയും 30/4/2019 മാർച്ചിനുള്ളിൽ എല്ലാ അറ്റകുറ്റ പണികളും ചെയ്ത് തീർക്കാൻ തീരുമാനിക്കുകയും ചെയ്തു. ലേറ്റസ്റ്റ് മോഡൽ ലേസേഴ്സ് 29/4/2019 ലാണ് മാറ്റിവച്ചത്. 14.5.2019 ൽ എ.ഇ.ആർ.ബി അംഗീകാരം നേടുകയും ജീവനക്കാരുടെ ട്രെയിനിംഗ് നടത്തി 17.5.2019 മുതൽ രോഗികൾക്ക് ചികിത്സക്കായി ടി ഉപകരണം ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഉപയോഗപ്രദമല്ലെങ്കിൽ എന്തിന് വാങ്ങി; ആരാണ് വാങ്ങാൻ ഉത്തരവ് ഇട്ടത്; ഇതിന്റെ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സി.റ്റി. സിമുലേറ്റർ നൂതന ക്യാൻസർ ചികിത്സയ്ക്ക് ഉപയോഗപ്രദമാണ്. സർക്കാർ ഉത്തരവ് (സാധാ). 66/2014/ആ.കു.വ, തീയതി. 07/01/2014 പ്രകാരമാണ് റേഡിയോ തെറാപ്പി വിഭാഗത്തിനായി ഏകദേശം 3 കോടി രൂപയ്ക്ക് സി.റ്റി. സിമുലേറ്റർ വാങ്ങാനായി അനുമതി നൽകിയത്. തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ടെണ്ടർ ക്ഷണിക്കുകയും ടെക്നിക്കൽ കമ്മറ്റി M/s. ഫിലിപ്സ് കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്ത് 3,78,54,750/- ( മൂന്ന് കോടി എഴുപത്തി എട്ട് ലക്ഷത്തി അൻപത്തി നാലായിരത്തി എഴുന്നൂറ്റി അൻപത് രൂപ) രൂപയ്ക്ക് ടി ഉപകരണം വാങ്ങാനായി ശിപാർശ ചെയ്യുകയും 13/11/2013 ൽ കൂടിയ സെക്രട്ടറി തലത്തിലുള്ള ഡിപ്പാർട്ട്മെന്റ് പർച്ചേയ്സ് കമ്മറ്റി മേൽ തുകയ്ക്ക് ഉപകരണം വാങ്ങാനായി അനുമതി കൊടുക്കുകയും ചെയ്തു. മെഷീൻ പ്രവർത്തനക്ഷമമാകാതെ കിടന്നിരുന്നതിനെ കുറിച്ച് വിശദമായി അന്വേഷിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | അന്വേഷണ കമ്മറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ